കേരളാ യൂണിവേഴ്സിറ്റിയുടെ ബി. എ., ബി. എസ്. സി. പരീക്ഷാഫലം.

1203 [2170] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ:
ശ്രീ. വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

ഈ വർഷത്തെ കേരളാ യൂണിവേഴ്സിറ്റിയുടെ ബി. എ., ബി. എസ്. സി. പരീക്ഷാഫലം എപ്പോഴേ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1986 ആഗസ്റ്റ് അവസാനവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി കേരളാ സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

ജോലി ചെയ്യാതെ ശമ്പളം പറ്റുന്നവർക്കെതിരെ നടപടി

1204 [2171] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസിൽ യാതൊരു ജോലിയും ചെയ്യാതെ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻമാർ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അവർക്കെതിരായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി, സി) എൻസൈക്ലോപീഡിയാ പബ്ലിക്കേഷൻസിൽ യാതൊരു ജോലിയും ചെയ്യാതെ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻമാർ ഉണ്ടെന്നേ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻസൈക്ലോപീഡിയാ ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം സർക്കാർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടറെ ഇക്കാര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സസ്പെൻറു ചെയ്യപ്പെട്ട എൻസൈക്ലോപീഡിയാ ജീവനക്കാർ

1205 [2172] ശ്രീ. വി ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിലെ 3 ജീവനക്കാരെ ഡയറക്ടർ സസ്പെൻറ് ചെയ്തതു സർക്കാർ റദ്ദാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നു ജീവനക്കാരെ സസ്പെൻഡ് ചെയ്തുകൊണ്ടുള്ള ഡയറക്ടറുടെ നടപടി അദ്ദേഹത്തിന്റെ അധികാരപരിധിയ്ക്കപ്പുറമാകയാലും അച്ചടക്കനടപടി എടുത്തതിൽ വരുത്തിയ ചില പാകപ്പിഴവുകളും മൂലവുമാണ് സസ്പെൻഷൻ ഉത്തരവ് സർക്കാർ റദ്ദാക്കിയത്.

എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥൻമാരുടെ പേരിലുള്ള ക്രിമിനൽ കേസ്

1206 [2173] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥൻമാരിൽ ആരെയെങ്കിലും ക്രിമിനൽ കേസിൽ കോടതി ശിക്ഷിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ പേരും ഉദ്യോഗപ്പേരും വെളിപ്പെടുത്താമോ;

(സി) ശിക്ഷിക്കപ്പെട്ടത് ഏതെല്ലാം കുറ്റങ്ങൾക്കാണെന്നും ആരോപിക്കപ്പെട്ട കുറ്റങ്ങൾ എന്തൊക്കെയാണെന്നും വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കേസ്സിലെ പരാതിക്കാരൻ ആരായിരുന്നു;

(ഇ) ശിക്ഷിക്കപ്പെട്ടവരുടെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോക്ടർ എം. ശശിധരൻ നായർ അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ്—1

ശ്രീ. എം. എം. ബാവ, അസിസ്റ്റന്റ് എഡിറ്റർ ഗ്രേഡ്—2.

ശ്രീ. ഇ. എ. എം. ബാബു, സബ് എഡിറ്റർ ഗ്രേഡ്—1

ശ്രീമതി രുദ്രാണി രാധാകൃഷ്ണൻ, സബ് എഡിറ്റർ ഗ്രേഡ്—1

ശ്രീ. എ. എം. ഗോപാലകൃഷ്ണർ, സബ് എഡിറ്റർ ഗ്രേഡ് —2

(സി) ഡയറക്ടർക്ക് മാനനഷ്ടം വരുത്തിവയ്ക്കുന്നതിനായി ദുഷ്പ്രചരണം നടത്തിയെന്ന് ആരോപിക്കപ്പെടുകയും ആയതിന് ശിക്ഷിക്കപ്പെടുകയും ചെയ്തു.

(ഡി) എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ ഡോക്ടർ വെളളായണി അർജ്ജുനൻ.

(ഇ) നിയമാനുസൃതമായ ശിക്ഷണ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly